പി2/29168/2016/കോ.വി.വ

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം തിരുവനന്തപുരം
തീയതി : 10.04.2019

പരിപത്രം

വിഷയം: കോളേജ് വിദ്യാഭ്യാസ വകുപ്പ് - പൊതുമരാമത്ത് വകുപ്പ് മുഖേന നടത്തുന്ന പ്രവർത്തികൾ സംബന്ധിച്ച്
സൂചന : 2016-17 വർഷത്തെ AG ഓഡിറ്റ് റിപ്പോർട്ട്

**************************************

കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിലെ വിവിധ സ്ഥാപനങ്ങളിൽ നിർമാണന്ന പ്രവർത്തനങ്ങൾ നടത്തുന്നതിനായി കലാ കാലങ്ങളായി പൊതുമരാമത്ത് വകുപ്പിൽ നിക്ഷേപിക്കുകയും നാളിതുവരെ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കാത്തതും പൂർത്തിയാകാതുമായ പ്രവർത്തികളെ സംബന്ധിച്ച് AG 2016-17 വർഷത്തെ റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട് . നിർമാണപ്രവർത്തനങ്ങൾ ആരംഭിക്കാത്തതും പൂർത്തിയാകാതുമായ പ്രവർത്തനങ്ങളിൽ Implementing Officer/Executing Officer തലങ്ങളിൽ ഗുരുതരമായ വീഴ്ച്ച വരുത്തിയതായി AG റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രസ്തുത വിഷയത്തിൽ താഴേ പറയുന്ന നടപടികൾ കർശനമായി കൈകൊള്ളുവാൻ നിർദ്ദേശിച്ചുകൊള്ളുന്നു.

1. നിർമാണ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനുവേണ്ടി സ്ഥാപന മേധാവി പൊതുമരാമത്ത് അധികാരികളുമായി എല്ലാ മാസവും നോഡൽ ഓഫീസർ മുഖേന ബന്ധപ്പെടേണ്ടതാണ്.
2. നിർമാണ പ്രവർത്തങ്ങളുടെ തൽസ്ഥിതി റിപ്പോർട്ട് വകുപ്പുതലത്തിലും സർക്കാർ തലത്തിലും അവലോകനംചെയ്യുന്നതിനായി ഈ ഓഫീസിൽ നിന്നും വിവിധ സ്ഥാപങ്ങൾക്ക് ലഭ്യമാക്കിയിരിക്കുന്ന google online spread sheet ൽ മാസത്തിനൊരിക്കൽ കൃത്യമായി പൂരോഗതി രേഖപ്പെടുത്തേണ്ടതാണ് . ഇക്കാര്യത്തിൽ വീഴ്ച്ച വരുത്തുന്നത് തികഞ്ഞ കൃത്യവിലോപമായി കണക്കാക്കുന്നതും അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതുമാണ് .

3. മേൽ പരാമർശിച്ചിരിക്കുന്ന പ്രവർത്തനങ്ങളിൽ പൊതുമരാമത്ത് വകുപ്പിൽനിന്നുള്ള അനാസ്ഥ ബഹു എം.എൽ.എ മാരെ ബോധ്യപ്പെടുത്തി, നിർമാണ പ്രവർത്തനങ്ങൾ സംബന്ധിച്ച് വിവരങ്ങൾ അവർക്ക് നൽകി ടി വിഷയം ബഹു ജില്ലാ കളക്ടറുടെ അധ്യക്ഷതയിൽ ചേരുന്ന DDC (District Development Committee) മീറ്റിംഗിൽ ഉന്നയിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുകയും ഈ വിഷയത്തിലെ പുരോഗതി വിലയിരുത്തി തുടർനടപടി സ്വീകരിക്കേണ്ടതുമാണ്.
4. നിർമാണ പ്രവർത്തനങ്ങൾ സംബന്ധിച്ച പരിപൂർണ ഉത്തരവാദിത്വം Implementing Officer ലും (സ്ഥാപന മേധാവി) & Executing Officer ലും നിക്ഷിപ്തമായിരിക്കുന്നതാണ്. 2017.2018 നു മുൻപുള്ള വർക്കുകൾക്ക് പി. ഡബ്ലിയു. ഡി ടെൻഡർ ചെയ്തിട്ടുണ്ടോ എന്നുറപ്പ് വരുത്തി സ്റ്റാറ്റസ് റിപ്പോർട്ട് ചെയ്യുക.
5. നിർമാണ പ്രവർത്തനങ്ങൾ രേഖപ്പെടുത്തി വയ്ക്കുന്നതിന് ഒരു രജിസ്റ്റർ സ്ഥാപനങ്ങളിൽ നിർബന്ധമായും സൂക്ഷിക്കേണ്ടതാണ്
6. നിർമാണ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനു വേണ്ടി എല്ലാ സ്ഥാപനങ്ങളിലും ഓരോ നോഡൽ ഓഫീസറെ നിയമിക്കേണ്ടതാണ്

ഹരിത വി കുമാർ ഐ എ എസ്
കോളേജ് വിദ്യാഭ്യാസ ഡയറക്ടർ